# ലേലം നോട്ടീസ്

കേരള സർവ്വകലാശാല കാര്യവട്ടം ക്യാമ്പസ്സിൽ വിമൻസ് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനായി നിശ്ചയിച്ച സ്ഥലത്തിൽ ഉൾപ്പെടുന്ന നൂറ്റിഇരുപത്തിമൂന്ന് മരങ്ങൾ വില്ക്കാൻ ഉദ്ദേശിക്കുന്നു. മേൽപ്പറഞ്ഞവ വിലയ്ക്കെടുക്കാൻ താത്പര്യമുള്ളവർ 3-ാം തീയതി രജിസ്ട്രാറുടെ ഓഫീസിൽ നടത്തുന്ന പൊതുലേലത്തിൽ പങ്കെടുക്കുകയോ അല്ലെങ്കിൽ ഡിസംബർ 2-ാം തീയതി വൈകുന്നേരം അഞ്ച് മണിക്കകം സീൽ ചെയ്ത ക്വട്ടേഷനുകൾ രജിസ്ട്രാറുടെ ഓഫീസിൽ രജിസ്ട്രേർഡ് തപാൽ വഴിയോ സ്പീഡ് പോസ്റ്റ് വഴിയോ എത്തിക്കേണ്ടതാണ്. സീൽ ചെയ്ത ക്വട്ടേഷനോടൊപ്പം ഇ.എം.ഡി. (നിരതദ്രവ്യം) തുകയായ പതിനായിരം രൂപയുടെ ഡി.ഡി., (ഫിനാൻസ് ഓഫീസറുടെ പേരിൽ) സമർപ്പിക്കേണ്ടതാണ്. പൊതുലേലത്തിൽ പങ്കെടുക്കുന്നവരും മേൽപറഞ്ഞ പ്രകാരമുള്ള 10,000/- രൂപയുടെ ഡി.ഡി. ലേലത്തിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. സീൽ ചെയ്ത ക്വട്ടേഷൻ ഡിസംബർ 3-ാം തീയതി മൂന്ന് മണിക്ക് പൊതുലേലത്തിനുശേഷം രജിസ്ട്രാർ ഓഫീസിൽ വച്ച് തുറക്കുന്നതാണ്.

പൊതുലേലത്തെ തുടർന്ന് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും പൊതുലേലം വഴി ഉറപ്പിച്ച തുകയേക്കാൾ കൂടുതൽ ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ (സർവ്വകലാശാലയ്ക്ക് സ്വീകാര്യമെങ്കിൽ മാത്രം) കൂടുതൽ ക്വോട്ട് ചെയ്ത വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്. ക്വട്ടേഷനുകളിലെ തുക പൊതുലേലത്തിലെ തുകയെക്കാൾ കുറവാണെങ്കിൽ പൊതുലേലത്തിൽ കൂടുതൽ തുക വാഗ്ദാനം ചെയ്ത വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്. ടി വ്യക്തി 12.5% വാറ്റ് നികുതിവകുപ്പിന്റെ '0040 -00-110-99-01' എന്ന അക്കൗിൽ അടച്ച് രസീത് ഹാജരാക്കി ഗേറ്റ് പാസ് കൈപ്പറ്റി ഒരാഴ്ചയ്ക്കകം മരങ്ങൾ കാര്യവട്ടം ക്യാമ്പസ്സിൽ നിന്ന് നീക്കം ചെയ്യേതാണ്.

ലേലം ഉറപ്പിക്കുന്ന കക്ഷികൾ 12.5% വാറ്റിന്റെ 1% എഡ്യൂക്കേഷണൽ സെസ്സും വിലയുടെയും വാറ്റിന്റെയും എഡ്യൂക്കേഷണൽ സെസ്സിന്റെയും 5% ഫോറസ്റ്റ് ഡവലപ്പ്മെന്റ് ടാക്സ് ആയും അടയ്ക്കേതാണ്. മരലേലത്തിനു ബാധകമായ എല്ലാ നികുതികളും ഈടാക്കുന്നതാണ്.

ഈ നോട്ടീസ് പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളുടെയും അന്തിമതീരുമാനം സർവ്വകലാശാല രജിസ്ട്രാറിന്റേതായിരിക്കും.

**രജിസ്ട്രാർ**

തിരുവനന്തപുരം
20.11.2010